# തലശ്ശേരി അതിരൂപത

## വിശ്വാസപരിശീലനകേന്ദ്രം

Ph : 0490 2344430, E-mail : catechesistly@gmail.com

## സർക്കുലർ - ജനുവരി 2016

"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്ക:52)

### 1. അതിരൂപതാ മതബോധന കമ്മിറ്റി

2015-16 അധ്യയനവർഷത്തെ രണ്ടാമത്തെ അതിരൂപത മതബോധന കമ്മിറ്റി അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെ അധ്യക്ഷതയിൽ 2016 ഫെബ്രുവരി 13-ാം തീയതി ശനിയാഴ്ച രാവിലെ 10 മണി മുതൽ 1 മണിവരെ സന്ദേശഭവനിൽവച്ച് ചേരുന്നു. ഓരോ സന്യാസസമൂഹത്തിന്റെയും പ്രൊവിൻഷ്യലും, ബഹു. ഫൊറോന വികാരിയച്ചന്മാരും മേഖലാ പ്രസിഡന്റുമാരും മറ്റ് പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ടവരുമാണ് സംബന്ധിക്കേണ്ടത്.

### 2. X, XI, XII വാർഷികപരീക്ഷ

X, XI, XII ക്ലാസ്സുകളിലെ വാർഷിക പരീക്ഷ ജനുവരി 26ന് ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 2 മണിമുതൽ 4 മണിവരെയായിരിക്കും. 24ന് ഫൊറോന കേന്ദ്രത്തിൽനിന്ന് ചോദ്യപേപ്പർ എടുക്കാവുന്നതാണ്. X, XI, ക്ലാസ്സുകളിലെ കുട്ടികൾ വിശ്വാസോത്സവത്തിൽ പങ്കെടുത്താലെ പ്രൊമോഷൻ ലഭിക്കുകയുള്ളൂ. അതിനാൽ അവരുടെ റിസൾട്ട് മറ്റ് ക്ലാസ്സുകളിലെ കുട്ടികളുടെ റിസൾട്ടിനോടൊപ്പം മാത്രമേ പ്രസിദ്ധീകരിക്കാവൂ. ഈ വിവരം പ്രസ്തുത ക്ലാസ്സുകളിലെ കുട്ടികളെ അറിയിക്കേണ്ടതാണ്. ഡിപ്ലോമ, സ്കോളർഷിപ്പ് പരീക്ഷ എഴുതുന്ന കുട്ടികൾക്ക് സൺഡേ സ്കൂളിൽനിന്ന് പൊതുവായി പേപ്പറുകൾ (A4) വിതരണം ചെയ്യേണ്ടതാണ്.

### 3. ജനറൽ / മോഡൽ ചോദ്യങ്ങൾ

ജനുവരി 26ന് നടത്തുന്ന X, XI, XII ക്ലാസ്സുകളിലെ വാർഷിക പരീക്ഷയുടെ മോഡൽ ചോദ്യങ്ങളും ജനറൽ ചോദ്യങ്ങളും വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ജനറൽ ചോദ്യങ്ങളിൽനിന്ന് 5 മാർക്കിന്റെ ചോദ്യങ്ങൾ ഉണ്ടായിരിക്കും. അധ്യാപകർ വെബ്സൈറ്റിൽനിന്ന് ജനറൽ ചോദ്യങ്ങളെടുത്ത് കുട്ടികൾക്ക് നല്കി അവരെ ഒരുക്കണം.

### 4. പരീക്ഷ സൂപ്പർവൈസർമാർ

ജനുവരിയിൽ നടത്തുന്ന വാർഷികപരീക്ഷയ്ക്ക് പരീക്ഷാകേന്ദ്രങ്ങളിൽ സൂപ്പർവൈസർമാരെ നിയമിക്കേണ്ടതാണ്. ഫൊറോന കമ്മിറ്റി ആലോചിച്ച് സൂപ്പർവൈസർമാരേയും സ്കോളർഷിപ്പ് മൂല്യനിർണ്ണയം നടത്തുന്നതിനുള്ള അധ്യാപകരേയും ചുമതലപ്പെടുത്തണം.

### 5. സഭാവിജ്ഞാനീയ ക്വിസ്

അധ്യാപകർക്കു പഠിക്കാനുള്ള പ്രവാചകന്മാരുടെ പാതയിൽ എന്ന പുസ്തകത്തെ ആസ്പദമാക്കിയുള്ള സഭാവിജ്ഞാനീയ ക്വിസ് ഫെബ്രുവരി 27 ന് തളിപ്പറമ്പ് ഇടവകയിൽ വച്ച് രാവിലെ 10 മണിക്ക് നടത്തുന്നു.

### 6. വിശ്വാസോത്സവം ഏപ്രിൽ 1-5

വിശ്വാസോത്സവം ഏപ്രിൽ 1 മുതൽ 5 വരെയാണ്. വിശ്വാസോത്സവ വർക്ക് ബുക്കിന്റെ ഓർഡർ ഫോം പൂരിപ്പിച്ച് ഓഫീസിലേക്ക് ജനുവരി 15നകം അയക്കേണ്ടതാണ്. വർക്കുബുക്കുകളുടെ വില ഫെബ്രുവരി മാസത്തെ ബുള്ളറ്റിനിൽ അറിയിക്കുന്നതായിരിക്കും. IV-ാം ക്ലാസ്സിലെ കുട്ടികളുടെ വർക്ക് ബുക്കായ 'ജീവന്റെ അപ്പം'(ആദ്യകുർബാന സ്വീകരണത്തിനുള്ള പരിശീലന പുസ്തകം) കാറ്റിക്കിസം ഓഫീസിൽ ലഭ്യമാണ്.

### 7. യാത്രയയപ്പ് മീറ്റിംഗ്

XII-ാം ക്ലാസ്സിലെ കുട്ടികൾ പഠനം പൂർത്തിയായി പോകുന്നതിന് മുൻപ് അവർക്ക് യാത്രയയപ്പ് കൊടുക്കുന്ന നല്ല പതിവ് ചില സൺഡേസ്കൂളുകളിലുണ്ട്. സൺഡേസ്കൂൾ പഠനത്തിന്റെ ഓർമ്മ നിലനിർത്തുന്നതിനും ദൈവാനുഭവത്തിന്റെ മേഖലകൾ അയവിറക്കുന്നതിനുമായി അത്തരത്തിലുള്ള മീറ്റിംഗ് എല്ലാ സൺഡേസ്കൂളുകളിലും ക്രമീകരിക്കേണ്ടതാണ്. ഹെഡ്മാസ്റ്ററും സ്റ്റാഫ് അംഗങ്ങളും ബഹു. വികാരിയച്ചനുമായി ആലോചിച്ച് വേണ്ട ക്രമീകരണങ്ങൾ നടത്തുമല്ലോ.

### 8. സീറോ മലബാർ മിഷൻ ഞായർ

സീറോമലബാർ സഭയുടെ മിഷൻ ഞായറായ ജനുവരി 10-ാം തീയതി എല്ലാ സൺഡേസ്കൂളിലും മിഷൻദിനമായിട്ട് ആചരിക്കേണ്ടതാണ്.

### 9. ആസ്പെക്ട് പ്രബന്ധം/ പരീക്ഷ ഫെബ്രുവരി 28

അധ്യാപകരുടെ പഠനഭാഗമായി നിശ്ചയിച്ചിരുന്ന ആസ്പെക്ട് പരീക്ഷ ഫെബ്രുവരി 28 ഞായറാഴ്ച ഉച്ചക്ക് 2.30

മുതൽ 4.30 വരെയായിരിക്കും. പരീക്ഷയെഴുതുന്നവരുടെ എണ്ണം വിശ്വാസോത്സവ ഓർഡർ ഫോമിൽ പൂരിപ്പിച്ച് അയക്കുക. പരീക്ഷയ്ക്ക് ഒരു പേജിൽ ഉത്തരമെഴുതാനുള്ള 5 ചോദ്യങ്ങളും രണ്ടു പേജിൽ ഉത്തരമെഴുതാനുള്ള 3 ചോദ്യങ്ങളുമാണുള്ളത്. (ചോദ്യങ്ങൾക്ക് ഡിസംബർ മാസത്തെ ബുള്ളറ്റിൻ പേജ് 41 കാണുക). പ്രബന്ധമെഴുതുന്നവർ താഴെകൊടുത്തിരിക്കുന്ന വിഷയത്തെക്കുറിച്ച് പത്തുപേജിൽ കുറയാതെ പ്രബന്ധം എഴുതി ഫെബ്രുവരി 28നകം മതബോധനഓഫിസിൽ എത്തിക്കേണ്ടതാണ്. ലൂമെൻ എക്ലേസിയയിൽ ചേർന്ന ദൈവശാസ്ത്രകോഴ്സ് പഠിക്കുന്നവർക്കുള്ള പ്രബന്ധ വിഷയവും ഇതു തന്നെയായിരിക്കും അവർ പേരിനോടൊപ്പം LE ഐഡി നമ്പറും ചേർത്ത് പ്രബന്ധം ആൽഫാ ഓഫീസിലാണ് ഏൽപ്പിക്കേണ്ടത്.

**പ്രബന്ധ വിഷയം**

ഇസ്രായേലിലെ പ്രവാചകപാരമ്പര്യത്തെക്കുറിച്ചും പ്രവാചകന്മാരെക്കുറിച്ചും വിവരിക്കുക.

**10. വെബ് സൈറ്റ് (catechismthalassery.org)**

ആധുനിക സങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായി വിശ്വാസപരിശീലന കേന്ദ്രത്തിന് catechismthalassery.org എന്ന പേരിൽ ഒരു വെബ്സൈറ്റ് പ്രവർത്തിക്കുന്നുണ്ട്. ഓരോ മാസത്തെയും ബുള്ളറ്റിൻ, ജനറൽ, മോഡൽ ചോദ്യങ്ങൾ പരീക്ഷാ റിസൾട്ട്, വിവിധഫോമുകൾ എന്നിവ വെബ്സൈറ്റിൽ ലഭ്യമാണ്. ഓരോ സൺഡേസ്കൂളിനും പ്രത്യേകം username, password ഉണ്ട്. അത് ഹെഡ്മാസ്റ്റർക്ക് കൊടുക്കുകയും കുട്ടികളെയും അധ്യാപകരേയും സംബന്ധിച്ചുള്ള എല്ലാ വിവരങ്ങളും വെബ്സൈറ്റിൽ ചേർക്കാൻ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. ഇതിനോടകം ഹെഡ്മാസ്റ്റർമാരുടെ നേതൃത്വത്തിൽ 80% സൺഡേസ്കൂളും അത് ചെയ്തു കഴിഞ്ഞു. ബാക്കിയുള്ളവർ ജനുവരി 15നകം മേൽപറഞ്ഞവരുടെ വിവരങ്ങൾ വെബ്സൈറ്റിൽ ചേർക്കേണ്ടതാണ്. ബഹു. വികാരിയച്ചൻമാർ ഇക്കാര്യത്തിൽവേണ്ട പ്രോത്സാഹനം നല്കുകയും വെബ്സൈറ്റിൽ ചേർത്തോയെന്ന് ഉറപ്പുവരുത്തുകയും ചെയ്യുമല്ലോ. കൂടാതെ വെബ്സൈറ്റിൽ ചേർത്ത XII-ാം ക്ലാസ്സിലെ കുട്ടികളുടെ ലിസ്റ്റ് ഡിപ്ലോമ രജിസ്ട്രേഷൻ 2015-16 എന്ന ഫയലിൽനിന്ന് എടുത്ത് പ്രിന്റ് ചെയ്ത് കുട്ടികളെ കാണിച്ച് ആവശ്യമായ തിരുത്തലുകൾ വരുത്തുമല്ലോ.

**11. ശ്രദ്ധിക്കുക**

1. ഫെബ്രുവരി 7 ഞായർ ഈസ്റ്ററിന് ഒരുക്കമുള്ള വലിയ നോമ്പ് ആരംഭിക്കുന്നു.

2. പൊതുവായി നടത്തുന്ന പരീക്ഷകളുടെ സമയം മാറ്റാതിരിക്കാൻ ശ്രദ്ധിക്കുമല്ലോ. ഓണം, ക്രിസ്മസ് പരീക്ഷ രാവിലെ 11.30-1.30 വരെ. X, XI, XII- ക്ലാസ്സിലെ വാർഷിക പരീക്ഷ ജനുവരി 26 സമയം ഉച്ചകഴിഞ്ഞ് 02-04 വരെ.

3. ഈസ്റ്റർ പരീക്ഷ (Std. I - IX) 2016 ഏപ്രിൽ 8 ന് വെള്ളി രാവിലെ 10-12 വരെ.

4. അതിരൂപതാ മതബോധനകമ്മിറ്റിയുടെ നിർദ്ദേശപ്രകാരം (2011 ജൂൺ14) 65 വയസ്സായ അധ്യാപകർ റിട്ടയർ ചെയ്യുമ്പോൾ ഇടവകാതലത്തിൽ അവരെ ആദരിക്കേണ്ടതാണ്. ഇടവകാ തിരുനാളിനോടനുബന്ധിച്ചുള്ള വാർഷികയോഗങ്ങൾ അതിനായി പ്രയോജനപ്പെടുത്തുമല്ലോ. അതുപോലെ ഹെഡ്മാസ്റ്റർമാരുടെ സേവനകാലം 15 വർഷമായി നിശ്ചയിച്ചിട്ടുള്ള കാര്യവും ഓർമ്മപ്പെടുത്തട്ടെ.

## ഡിപ്ലോമ പരീക്ഷ നിർദ്ദേശങ്ങൾ

1. പരീക്ഷ 2016 ജനുവരി 26നു ഉച്ചയ്ക്കു 2 മുതൽ 4 വരെയായിരിക്കും. പരീക്ഷയുടെ സമയത്തിന് മാറ്റം വരുത്താൻ പാടില്ല. നിശ്ചയിക്കപ്പെട്ടിരിക്കുന്ന സമയത്തിനുപുറത്ത് നടത്തുന്ന പരീക്ഷപേപ്പറുകൾ മൂല്യനിർണ്ണയത്തിന് പരിഗണിക്കുന്നതല്ല.
2. സൂപ്പർവൈസർ നിയമിക്കപ്പെട്ട സെന്ററിൽ 1.30നു മുൻപായി എത്തുക.
3. ചോദ്യപേപ്പർ പായ്ക്കറ്റ് പരീക്ഷയ്ക്കു 15 മിനിറ്റു മുൻപു മാത്രമേ പൊട്ടി ക്കാവൂ.
4. ഹെഡ്മാസ്റ്ററും ക്ലാസ് അധ്യാപകരും പരീക്ഷാസമയം മുഴുവനും പരീക്ഷാ ഹാളിൽ ഉണ്ടായിരിക്കണം.
5. ഡിപ്ലോമ പരീക്ഷയെഴുതുന്ന കുട്ടികൾ ഉത്തര കടലാസിൽ പേര് എഴുതാൻ പാടില്ല. പകരം വിശ്വാസപരിശീലന കേന്ദ്രത്തിൽനിന്നും നൽകിയിട്ടുള്ള രജി. നമ്പർ സ്ലിപ്പിൽ രജി. നമ്പർ എഴുതി ഉത്തരക്കടലാസിനൊപ്പം പിൻ ചെയ്യുക. കൂടാതെ രജി. നമ്പർ ഉത്തരക്കടലാസിന്റെ ഒന്നാം പേജിലും കുട്ടികളെകൊണ്ട് എഴുതിപ്പിക്കണം. ഡിപ്ലോമ പരീക്ഷ എഴുതുന്ന കുട്ടികൾക്ക് സൺഡേ സ്കൂളിൽനിന്ന് പൊതുവായി പേപ്പറുകൾ (A4) വിതരണം ചെയ്യേണ്ടതാണ്.
6. ഉത്തരക്കടലാസുകൾ രജി. നമ്പറിന്റെ ക്രമത്തിൽ അടുക്കി പായ്ക്കു ചെയ്യണം. ഉത്തരക്കടലാസുകൾ മടക്കി പായ്ക്കു ചെയ്യരുത്. ഡിപ്ലോമ ഇംപ്രൂവ്മെന്റ് ഉത്തരക്കടലാസുകൾ വേറെ കവറിൽ പായ്ക്ക് ചെയ്യണം.
7. രജി. നമ്പർ ചേർത്ത് ഇവിടെനിന്നും അയച്ചു തന്നിട്ടുള്ള രജി. ഫോമിൽ 'Mark'ചേർക്കുന്ന മൂന്നാമത്തെ കോളത്തിൽ ആഭ്യന്തരമൂല്യനിർണ്ണയ (Internal Assesement) ത്തിന്റെ മാർക്ക് 25ൽ എത്രയെന്നു ചേർക്കുക. പരീക്ഷ എഴുതാത്ത കുട്ടികളുടെ റിമാർക്സ് കോളത്തിൽ Absent എന്നെഴുതുക. രജി. ഫോം പ്രത്യേക കവറിലിട്ട് ഉത്തരക്കടലാസിനോടൊപ്പംപായ്ക്ക് ചെയ്യണം. ഡിപ്ലോമ രജി. ഫോമിൽ ആവശ്യപ്പെട്ടരിക്കുന്ന എല്ലാ വിവരങ്ങളും പൂരിപ്പിക്കേണ്ടതാണ്. രജിസ്റ്റർ ചെയ്യാത്ത കുട്ടികളെ പരീക്ഷ എഴുതിക്കാൻ പാടില്ല.
8. ഉത്തരക്കടലാസുകൾ പായ്ക്കു ചെയ്യുമ്പോൾ 'Centre Head Sheet' എന്ന ഫോം കൃത്യമായി പൂരിപ്പിച്ച് സൂപ്പർവൈസറും ഹെഡ്മാസ്റ്ററും ഒപ്പുവച്ച് ഒരു കോപ്പി പായ്ക്കറ്റിനകത്തും ഒന്ന് പായ്ക്കറ്റിനു പുറത്തു കാണത്തക്ക രീതിയിലും ഒട്ടിച്ച് ഉത്തരക്കടലാസ്

പായ്ക്കറ്റ് സീൽ ചെയ്യുക.

9. ഉത്തരക്കടലാസ് പായ്ക്കറ്റ് പരീക്ഷാദിനത്തിൽ തന്നെ ഫൊറോനാ കേന്ദ്രത്തിലെത്തിക്കുക. ജനുവരി 27-ാം തീയതി ഉത്തരക്കടലാസുകൾ വിശ്വാസപരിശീലന കേന്ദ്രത്തിലേക്ക് കൊണ്ടുപോകുന്നതാണ്.

## അതിരൂപതാ സ്കോളർഷിപ്പ്

1. ഉത്തരക്കടലാസിൽ പരീക്ഷാർത്ഥിയുടെ പേര്, വീട്ടുപേര്, ഇടവക, സൺഡേസ്കൂൾ സീൽ എന്നിവ ഉണ്ടായിരിക്കരുത്. ഓഫീസിൽനിന്ന് തന്നിരിക്കുന്ന നെയിം സ്ളിപ്പ് പൂരിപ്പിച്ച് ഉത്തരക്കടലാസിനോടൊപ്പം പിൻ ചെയ്യുക.
2. അതിരൂപതാ സ്കോളർഷിപ്പിനായി X-ാം ക്ലാസിലെ 3 ഉത്തരക്കടലാസുകൾ പ്രത്യേകം പായ്ക്കു ചെയ്ത് ഫൊറോനാ കേന്ദ്രത്തിലെത്തി ക്കുക. ഓരോ ഫൊറോനയിൽനിന്നും X-ാം ക്ലാസ്സിൽ ഉയർന്ന മാർക്ക് നേടിയ 3 പേപ്പറുകൾ അതിരൂപതാ ഓഫീസിലേക്ക് ഫെബ്രുവരി 10-നു മുൻപ് അയച്ചുതരേണ്ടതാണ്. ഫൊറോനായിൽ മൂല്യനിർണ്ണയം നടത്തുമ്പോൾ വിശ്വാസപരിശീലനകേന്ദ്രം നൽകിയിട്ടുള്ള ഉത്തരസൂചിക മാനദണ്ഡമാക്കേണ്ടതാണ്, ഉത്തരക്കടലാസിൽ ഒന്നും എഴുതാൻ പാടില്ല (മാർക്ക്, ശരി, തെറ്റ്, etc...).
3. ഓഫീസിൽ അടിയന്തിരമായി ലഭിക്കേണ്ട കത്തുകളും മറ്റും ഉണ്ടെങ്കിൽ അവ ഉത്തരക്കടലാസ് പായ്ക്കറ്റിനു പുറത്ത് എളുപ്പത്തിൽ കാണുന്നവിധം വയ്ക്കുക.
4. പരീക്ഷയിൽ എന്തെങ്കിലും ക്രമക്കേടുകൾ നടന്നാൽ വിശ്വാസപരിശീലനകേന്ദ്രത്തിൽ അറിയിക്കുക. ഫോൺ : 0490 2344430, 9400897861, 9447142801.

**12. ഡയറക്ടറച്ചന്റെ സന്ദർശനം**

മാടത്തിൽ, രത്നഗിരി, മേൽമുരിങ്ങോടി, കരുവൻചാൽ, മുത്താറിക്കുളം എന്നീ ഇടവകകൾ സന്ദർശിക്കുകയും വി. കുർബാനയർപ്പിച്ച് പ്രാർത്ഥിക്കുകയും മാതാപിതാക്കൾക്കും അധ്യാപകർക്കും കുട്ടികൾക്കും ക്ലാസ് എടുക്കുകയും ചെയ്തു.

പുതുവത്സരാശംസകളോടെ,

**ഫാ. ജോർജ് കാഞ്ഞിരക്കാട്ട്**

ഡയറക്ടർ